# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5143 22.05.2017 ലെ മറുപടി**

## താനൂർ പൂരപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.അബ്ദുറഹിമാൻ:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) താനൂർ പൂരപ്പുഴയിലേക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറി ഏക്കറു കണക്കിന് കൃഷി നശിക്കുന്നതിനും കുടിവെള്ളം മലിനമാകുന്നതിനും ഇടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ പ്രശ്നത്തിന്റെ ശാശ്വത പരിഹാരമായി പൂരപ്പുഴയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ നിലവിൽ വല്ല പദ്ധതികളും നിലവിലുണ്ടോ? | (ബി) & (സി)<br><br>ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമായി ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ പൂരപ്പുഴയ്ക്ക് കുറുകെ (കെട്ടുങ്ങൽ ബീച്ചിനടുത്ത്) കെട്ടുങ്ങൽ തോടിന് താഴ്ഭാഗത്ത് ഉപ്പ് വെള്ള നിർമ്മാർജ്ജന റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കു വേണ്ടി പ്രാഥമികമായി മണ്ണ് പരിശോധനയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബിയിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പര്യവേഷണ പ്രവർത്തിക്കുള്ള സാമ്പത്തികാനുമതി നൽകുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ